LIBRARY ARCHIVES Kerala Legislative Assembly

വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കാൻ പദ്ധതി

37 [2506] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, കെ. സുധാകരൻ :
,, ബി. വിജയകുമാർ :
,, പി. ടി. തോമസ് :
,, ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് അതുപയോഗിക്കുന്നത്;

(സി) വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് വ്യാപകമായ തോതിൽ ഉപയോഗിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന സംവിധാനം ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

കുപ്പിയിലടച്ച കുടിവെള്ളം

38 [2507] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ കുപ്പിയിലടച്ച കുടിവെള്ളം പൊതു മാർക്കറ്റിൽ ഒരു ലിറ്ററിന് എന്തു വിലയ്ക്കാണ് വിൽക്കുന്നതെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ബ്രാൻഡ് തിരിച്ച് വിലനിലവാരം വെളിപ്പെടുത്താമോ;

(ബി) കുടിവെള്ളം കുപ്പിയിലാക്കി വില്ക്കുന്ന എല്ലാ കമ്പനികളും ചേർന്ന് കേരളത്തിലെ ഉപരിതല-ഭൂഗർഭ ജലസ്രോതസ്സുകളിൽ നിന്ന് ആകെ എടുക്കുന്ന ജലത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കുമോ;

(സി) കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന് അവർ ഏതെങ്കിലും രീതിയിൽ സർക്കാരിന് വിലയോ-നികുതിയോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുപ്പിയിലടച്ച ഒരു ലിറ്റർ കുടിവെള്ളത്തിന് (മിൽമ വിതരണം ചെയ്യുന്ന) ഒരു ലിറ്റർ പാലിനേക്കാൾ വിലയുണ്ടാവാനിടയാക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇപ്പോൾ പൊതു മാർക്കറ്റിൽ ലഭ്യമാകുന്നതിലും കുറഞ്ഞ വിലയ്ക്ക് കുപ്പിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) കുപ്പിയിലടച്ച കുടിവെള്ളത്തിന് 10 രൂപ മുതൽ 15 രൂപ വരെ മാർക്കറ്റിൽ വിലയുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. കുപ്പിയിലടച്ച കുടിവെള്ളത്തിന്റെ ഗുണനിലവാരം 1955-ലെ മായം ചേർക്കൽ നിരോധന ചട്ടപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പി. എഫ്. എ. നിയമപ്രകാരമോ മറ്റേതെങ്കിലും ചട്ടപ്രകാരമോ ഇവയ്ക്ക് വില നിശ്ചയിച്ച് നിജപ്പെടുത്തിയിട്ടില്ല.

(ബി) കുടിവെള്ളം കുപ്പിയിലാക്കി വില്ക്കുന്ന കമ്പനികൾ, സോഡ, ശീതളപാനീയ കമ്പനികൾ, മദ്യം ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ എന്നിവ വിവിധ ജില്ലകളിൽ എടുക്കുന്ന ഉപരിതല ഭൂജലത്തിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.† ഇത് ഒരു പൂർണ്ണമായ ലിസ്റ്റല്ല. ഓരോ കമ്പനിയും ഉപയോഗിക്കുന്ന ജലത്തിന്റെ കണക്ക് ആ കമ്പനിയിൽ നിന്നും ലഭിച്ചതാണ്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ നിന്ന് കണക്ക് ലഭിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി & ഇ) ഇക്കാര്യങ്ങൾ ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടില്ല.

ജലചൂഷണം തടയുന്നതിന് നടപടി

39 [2508] ശ്രീ. എം. കുമാരൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള ജലചൂഷണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള ചൂഷണ രീതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ചൂഷണം ചെയ്യുന്ന ജലം ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജലചൂഷണം ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly